പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

നിയമസഭാ ചോദ്യം നമ്പർ : 6514 | 11.07.2012-ൽ മറുപടിക്ക്.

## കൊല്ലം റൂറൽ എസ്. പി. ആഫീസിന് ആസ്ഥാനമന്ദിരം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീമതി പി. അയിഷാ പോറ്റി | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(ആഭ്യന്തരവും വിജിലൻസും വകുപ്പു മന്ത്രി) |
| (എ) കൊല്ലം റൂറൽ എസ്.പി. ആഫീസിന് സ്വന്തമായി ആസ്ഥാനമന്ദിരം നിർമ്മിക്കുന്നതിനുള്ള നടപടിക്രമങ്ങൾ ഇപ്പോൾ ഏതുഘട്ടത്തിലാണ്; | : (എ) കൊല്ലം റൂറൽ എസ്.പി.ഓഫീസ് നിർമ്മാണത്തിനായി 150 ലക്ഷം രൂപ MoPF സ്കീമിൽ ഉൾപ്പെടുത്തി വകയിരുത്തിയിട്ടുണ്ട്. എന്നാൽ കെട്ടിടം നിർമ്മിക്കുവാനുള്ള സ്ഥലം ജലസേചന വകുപ്പിൽ നിന്ന് കൈമാറിക്കിട്ടിയിട്ടില്ല. സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണ്. |
| (ബി) ജില്ലയിലെ എഴുകോൺ പോലീസ് സ്റ്റേഷൻ എത്ര നാളായി വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നു; | : (ബി) 24 വർഷമായി എഴുകോൺ പോലീസ് സ്റ്റേഷൻ വാടകക്കെട്ടിടത്തിലാണ് പ്രവർത്തിച്ചു വരുന്നത്. |
| (സി) പ്രസ്തുത സ്റ്റേഷന് സ്വന്തം കെട്ടിടം നിർമ്മിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കും? | : (സി) എഴുകോൺ താലൂക്കിൽ എഴുകോൺ വില്ലേജിൽ ബ്ലോക്ക് നമ്പർ:4-ൽ റീസർവ്വേ നമ്പർ:394/6-2-4-ൽ 30.56 ആർ, 194/6-2-5-ൽപ്പെട്ട 9.95 ആർ ഉൾപ്പെട്ട ഭൂമിയാണ് എഴുകോൺ പോലീസ് സ്റ്റേഷൻ നിർമ്മിക്കുന്നതിനായി കണ്ടെത്തിയിട്ടുള്ളത്. ഭൂമി പോലീസ് വകുപ്പിന് കൈമാറുന്നതിനുള്ള നടപടികൾ കൊല്ലം കളക്ടറേറ്റിൽ നടന്നു വരുന്നു. എഴുകോൺ പോലീസ് സ്റ്റേഷൻ നിർമ്മിക്കുന്നതിനുള്ള സ്ഥലം പോലീസ് വകുപ്പിലേയ്ക്ക് കൈമാറി കിട്ടുന്ന മുറയ്ക്ക് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ